**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**
**22 MARCH 2019**
**14 RAJAB 1440 AH**

# "ANTI-ISLAMIC" TERRORISM
# ഇസ്ലാമിനെതിരെയുള്ള തീവ്രവാദം

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅ വ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ഇസ്ലാമിനെതിരെയുള്ള തീവ്രവാദം** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

നിങ്ങൾ ഓർക്കുന്നുണ്ടാകും കഴിഞ്ഞവെള്ളിയാഴ്ച മാർച്ച് 15-ാംതീയതി അല്ലാഹു (ത) എനിക്ക് നിർദ്ദേശം നല്കുകയുണ്ടായി. അതായത് **ഇസ്ലാമിനെതിരെയുള്ള തീവ്രവാദം** എന്ന വിഷയത്തെ അധികരിച്ച് വെള്ളിയാഴ്ച ഖുത്തുബ നിർവ്വഹിക്കുവാൻ ! ഇതൊരു ദൈവീക ദൃഷ്ടാന്തമായിരുന്നു എന്ന് നിങ്ങൾക്ക് മനസ്സിലാക്കുവാൻ പ്രയാസമുണ്ടാകില്ലല്ലോ! ഇസ്ലാമിന്റെ രക്ഷയ്ക്കായി നാം ധാരാള മായി ദുആ ചെയ്യണം. ലോകമെങ്ങുമുള്ള മുസ്ലിംസഹോദരി സഹോ ദരന്മാരും കുഞ്ഞുങ്ങളുടെയും മുഴുവൻ മുസ്ലിം രാജ്യങ്ങളുടെയും രക്ഷയ്ക്കായി നാം ദുആ ചെയ്യണം. അങ്ങനെ ആയാൽ ഇസ്ലാമിക് രാജ്യങ്ങൾക്കെതിരായിട്ടുള്ള രാജ്യങ്ങളുടെ ഉപദ്രവത്തിൽ നിന്നും ഇസ്ലാമിനെതിരെ യുക്തിരഹിതവും രോഗാവസ്ഥയ്ക്ക് തുല്യമായ ഭയമോ വിദ്വേഷമോ വെച്ചു പുലർത്തുന്ന ആളുകളിൽ നിന്നുമുള്ള ഉപദ്രവങ്ങളിൽ നിന്നും, പ്രസ്തുത ദുആ, നമ്മെ കാത്തു രക്ഷിക്കു ന്നതാണ് ഇൻശാ അല്ലാഹ്! ആമീൻ

മുസ്ലിംകൾക്കെതിരിൽ ഭീകരാക്രമണം നടത്തുന്നതു കാണു

മ്പോൾ ഹൃദയം തകർന്നു പോകുന്നു. വൻശക്തികൾ മുസ്ലിംകളെ കുറ്റപ്പെടുത്തുകയാണ്, അവർ ഭീകരവാദികളാണെന്ന് ! നമുക്കെല്ലാവർക്കും അറിയാം ഇസ്ലാം ഒരു സമാധാന മതമാണെന്ന്! ഇസ്ലാമിന്റെ സന്ദേശവും പരിശുദ്ധപ്രവാചകൻ മുഹമ്മദ്(സ) അഭിസംബോധന ചെയ്തത് മുസ്ലിംകളെ മാത്രമല്ല, ഇസ്ലാം മതത്തെ അംഗീകരിച്ചിട്ടില്ലാത്തവരേയും അത് അഭിസംബോധന ചെയ്യുന്നു. അപ്പോൾ സ്വീകരിച്ചവരും സ്വീകരിക്കാത്തവരും ഈ സന്ദേശത്തിന്റെ ഭാഗമാണ്.

നമ്മുടെ പ്രിയ പ്രവാചകൻ (സ) അഭിസംബോധന ചെയ്തത് മാനവകുലത്തെയാണ്. ഇസ്ലാമിന്റെ സന്ദേശം, സമാധാന സന്ദേശമാണ്, സ്നേഹ സന്ദേശമാണ്, സംവാദ സന്ദേശമാണ്. ജനങ്ങളുമായി നല്ല ബന്ധം സ്ഥാപിക്കുന്നതിന് ഈ അടിസ്ഥാനഘടകങ്ങൾ ഒഴിച്ചു കൂടാൻ പാടില്ലാത്തതാകുന്നു.

നല്ല ബന്ധങ്ങളില്ലെങ്കിൽ, ജീവിതം ഒരു വനത്തിൽ അകപ്പെട്ടതുപോലെ ആയിരിക്കും. വനത്തിനു ചുറ്റും വന്യമൃഗങ്ങളും!

ഭീകരത വിശ്വാസത്തിന്റെയോ മതത്തിന്റെയോ ഭാഗമല്ല. ഭീകരത വെറുപ്പിന്റെയും ഭയപ്പെടുത്തലിന്റെയും പ്രതിഫലമാകുന്നു. കഴിഞ്ഞ വെള്ളിയാഴ്ച ന്യൂസിലാൻഡിലെ ക്രൈസ്റ്റ് ചർച്ചിൽ നടത്തിയ ഭീകരമായ ആക്രമണം ഒരു തെളിവാകുന്നു. അതായത് ഇസ്ലാമിനെതിരെ ഫോബിയ ബാധിച്ച ഒരു സമൂഹം ആളുകൾ ഇസ്ലാമിനെ ഒരു പ്രചാരണ പ്രവർത്തനമാക്കിയിരിക്കുന്നു. ശത്രുത പ്രചരിപ്പിക്കുന്നു, വെറുപ്പ് പ്രചരിപ്പിക്കുന്നു. ലോകമെങ്ങുമുള്ള മുസ്ലിംകളെ ഉന്മൂലനം ചെയ്യുവാനുള്ള ഇച്ഛ പ്രകടിപ്പിക്കുന്നു.

ഇസ്ലാമിക് ഫോബിയയുടെ (ഇസ്ലാമിനെതിരിൽ യുക്തിരഹിതവും രോഗാവസ്ഥയ്ക്ക് തുല്യവുമായ ഭയമോ വിദ്വേഷമോ പുലർത്തുന്നവർ) ആളുകൾ താവളമടിച്ചിരിക്കുന്ന രാജ്യങ്ങളിൽ വസിക്കുന്ന മുസ്ലിംകൾക്ക് എന്ത് സുരക്ഷിതത്വമാണുള്ളത്? ന്യൂസിലാൻഡിലെ കിരാതമായ ആക്രമണത്തിൽ പുരുഷന്മാരും സ്ത്രീകളും കുട്ടികളും ഉൾപ്പെടെ 50 പേർ കൊലചെയ്യപ്പെടുക

യുണ്ടായി. വെള്ളിയാഴ്ച പ്രാർത്ഥനയ്ക്കായി സാധാരണ സമ്മേളിക്കുന്നതുപോലെ അവർ ഒത്തുചേർന്നപ്പോൾ ന്യൂസിലാൻഡ് ക്രൈസ്ററ് ചർച്ച് മോസ്ക്യുനുള്ളിൽ അവർ അതിദാരുണമായി കൊലചെയ്യപ്പെടുകയുണ്ടായി. ഇത് ഭീകരാക്രമണത്തിന്റെ ഒരു റിക്കാഡാണ്. ആസ്ട്രേയിലിക്കെതിരെ ചെയ്ത ക്രൂരമായ പ്രവർത്തി അയാൾ അത് 73 പേജുകളിലായി ഒരു രേഖയുണ്ടാക്കിയിട്ടുണ്ട്. അദ്ദേഹം ചെയ്ത കുറ്റം ഏറ്റു പറയുന്നുണ്ട്. സമാധാന വിശ്വാസികൾക്കെതിരിൽ മനുഷ്യത്വരഹിതമായ ഈ പ്രവൃത്തി ചെയ്തതിന്റെ പിന്നിലുള്ള ഉദ്ദേശ്യലക്ഷ്യങ്ങളെകുറിച്ച് അയാൾ വിശദീകരിക്കുന്നുണ്ട്. മൂന്നാമത്തെ ലക്ഷ്യം പൂർത്തികരിക്കാൻ കഴിയാത്തതിലുള്ള ഖേദം അദ്ദേഹം പ്രകടിപ്പിക്കുകയും ചെയ്തു. ആഷ് ബർട്ടൻ മോസ്കിലെ ആക്രമണം പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല.

ഇതു ചെയ്യാനുള്ള പ്രചോദനം അയാൾക്ക് ലഭിച്ചത്, അയാൾ പറയുന്നു, മദീനി ലീ പെൻ ഉം ഡൊണാൽഡ് ട്രംപും നേതൃത്വം നല്കുന്ന വലതുപക്ഷ യൂറോപ്യൻ യൂണിയനും, മറ്റു ഫ്രഞ്ച് രാഷ്ട്രീയ നേതൃത്വവുമാണ്. അതിനയാൾ പറയുന്നത് പുതിയ വെള്ളക്കാരുടെ വ്യക്തിത്വവും, പൊതുലക്ഷ്യത്തിന്റെ അടയാളവും ആകുന്നു. തന്റെ രേഖയിൽ അയാൾ പരാമർശിക്കുന്നുണ്ട്, ആൻഡേഴ്സ് ബ്രിവിറ്റ്, നെ നോർവീജിയൻ ഭീകരവാദിയെ, ഓസ്ലോ, ഉട്ടോയ കൊലയുടെ രചിയിതാവാണയാൾ. ഒരു ഖേദവുമില്ലാതെയാണ് അയാൾ ഇത് പറയുന്നത്. ഭീകരവാദിയായ പ്രസ്തുത വ്യക്തി തന്റെ പ്രവർത്തിയേയും നടപടികളേയും തികച്ചും ന്യായീകരിച്ചുകൊണ്ടാണ് സംസാരിക്കുന്നത്. അതുകൊണ്ട് തന്നെ അയാൾക്ക് നിലവിലുള്ള ഏറ്റവും കഠിനശിക്ഷ നല്കേണ്ടതാണ്.

ലോകത്തിലെ മിക്ക രാഷ്ട്രങ്ങളും ഈ നടപടിയെ അപലപിച്ചിട്ടുണ്ട്. എന്നാൽ വാക്കുകൾ വെറും ചുണ്ടുകളിലിൽ മാത്രമുള്ളതാണ്. ഉദാഹരണത്തിന് അമേരിക്കൻ പ്രസിഡന്റ് ഈ ആക്രമണകാരിയെ അപലപിക്കുമ്പോൾ, വെള്ള ദേശീയവാദികളുടെ ആശയങ്ങൾ ലോകസമാധാനത്തിന് ഭീഷണി അല്ല എന്നും കൂട്ടിച്ചേർക്കുകയുണ്ടായി. വസ്തുത ഇതാണ് അമേരിക്കൻ ഡെമോ

ക്രാറ്റുകൾ അദ്ദേഹത്തെ അതിശക്തമായി വിമർശിക്കുകയുണ്ടായി. പുതുക്കിയ വെള്ളക്കാരുടെ വംശീയ ആദർശത്തിന്റെ പ്രതീകമാണ് അദ്ദേഹമെന്നു പറഞ്ഞു. അദ്ദേഹത്തിന്റെ ശത്രുതാപരമായ പ്രസംഗം മുസ്ലികളോടുള്ള വെറുപ്പുളവാക്കുന്നതാണ്. അദ്ദേഹം പ്രഖ്യാപിച്ച മുസ്ലിം വിരോധ പ്രഖ്യാപനങ്ങളും നയങ്ങളും നേരിട്ടോ അല്ലാതെയോ ഈ അരുംകൊലയ്ക്ക് കാരണമായി പ്രേരിതമായി. അതും വൈവിധ്യ മൂല്യങ്ങളെ, സംസ്ക്കാരങ്ങളെ മൂല്യവത്തായി കരുതുന്ന ന്യൂസലന്റ് പോലുള്ള ഒരു രാജ്യത്ത് വച്ച്!

ന്യൂസലന്റ് പ്രധാനമന്ത്രി ജസീന്ദ ആർടേൺ ദുരന്തം നേരിട്ട കുടുംബങ്ങളെ നേരിട്ട് അനുശോചനം അറിയിക്കുകയുണ്ടായി. തന്റെ രാഷ്ട്രത്തെ അഭിസംബോധന ചെയ്തുകൊണ്ട് അവൻ പറഞ്ഞത് അവരുടെ രാജ്യത്തിലെ ഏറ്റവും വലിയ അന്ധകാരം പടർന്ന ഒരു ദിനം എന്നാണ് പ്രസ്തുത സംഭവത്തെ വിശേഷിപ്പിച്ചത്. ഈ ഭീകരാക്രമണത്തെ അതിശക്തമായ ഭാഷയിലാണ് അവർ അപലപിച്ചത്. ഈ രണ്ട് മോസ്ക്കുകളിൽ ആക്രമണം നടത്തിയവർക്ക്, ഇതിനുത്തരവാദികളായവർക്ക്, അവരുടെ രാജ്യത്ത് ഒരു സ്ഥാനവും ഉണ്ടായിരിക്കില്ല. മാത്രമല്ല ലോകത്തെവിടെയും അവർക്ക് സ്ഥാനമുണ്ടാകില്ല.

2019 മാർച്ച് 15ന് പാർലമെന്റിലെ പത്രസമ്മേളനവേളയിൽ അവർ പറഞ്ഞു. ഈ കൊലപാതക പ്രവർത്തി നമ്മൾ തെരഞ്ഞെടുത്തിട്ടുള്ളതല്ല. വംശീതയ്ക്ക മാപ്പില്ല. നമ്മുടെ ദേശം ഭീകരവാദത്തെ പുറത്താക്കിയതാണ്. ഇവിടെ ഇതിന് പ്രവേശനമില്ല. ഈ കാര്യങ്ങളുമായി നമ്മുടെ ദേശത്തിന് യാതൊരുവിധ പങ്കുമില്ല. കാരണം നാം വൈവിധ്യത്തെ പ്രതിനിധാനം ചെയ്യുന്നവരാണ്. ദയാവായ്പുള്ളവരാണ്, അനുകമ്പയുള്ളവരാണ്, നമ്മുടെ മൂല്യങ്ങളെ വിലമതിക്കുന്നവർക്കുള്ള ഒരു ഗേഹമാണിവിടം. ഇതാഗ്രഹിക്കുന്നവർക്കുള്ള ഒരു അഭയകേന്ദ്രമാണിവിടം! ഞാൻ നിങ്ങൾക്ക് ഉറപ്പു നല്കുന്നു. ഈ ആക്രമണത്തിലൂടെ നമ്മുടെ മൂല്യങ്ങളെ ഇല്ലായ്മ ചെയ്യാമെന്നോ, അതിനെ പിടിച്ചു കുലുക്കാമെന്നോ ഒരാളും കരുതേണ്ടതില്ല!

ഈ ഭീകരാക്രമണത്തിന്റെ ഇരകളായി തീർന്ന കുടുംബങ്ങൾക്ക് ഇത് വളരെ വലിയ ആശ്വാസം തന്നെയാണ്. ന്യൂസിലാന്റ് പ്രധാനമന്ത്രിയുടെ പ്രസ്തുത പ്രസ്താവന! ന്യൂസ് ലാന്റിനെ തങ്ങളുടെ ദേശമായി ദത്തെടുത്തവർക്കും, മുറിവേറ്റവർക്കും ഇത് വളരെ വലിയ ആശ്വാസം തന്നെയാണ്.

ഞാനും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമും, ആത്മീയ നേതാവ് എന്ന നിലയിലും അല്ലാഹുവിന്റെ ഖലീഫ എന്ന നിലയിലും, ഈ ഭീകരാക്രമണത്തെ അതിശക്തമായി അപലപിക്കുകയാണ്.ദുഃഖാർത്തരായ കുടുംബാംഗങ്ങളെയും, വിവിധ രാജ്യങ്ങളിലുള്ള മുസ്ലിം സഹോദരി സഹോദന്മാരെയും കുഞ്ഞുങ്ങളെയും 2019 മാർച്ച് 15ലെ ഭീകരാക്രമണത്തിൽ ഇരകളായി തീർന്ന കുടുംബാംഗങ്ങളെയും ഹൃദയത്തിന്റെ അഗാധതയിൽ നിന്നും പിന്താങ്ങുന്നു. ന്യുസിലന്റ് ജനതയെയും ഞങ്ങളുടെ അഗാധമായ ദുഃഖവും അനുശോചനവും അറിയിക്കുകയാണ്. ഞങ്ങൾ ഹൃദയംഗമമായി ഈ രാജ്യത്തോടൊപ്പമാണ്. ന്യൂസലാന്റ് സമൂഹം അതിന്റെ ശാന്തത വീണ്ടെടുക്കട്ടെ, ഐതിഹാസമായ അതിന്റെ സമാധാനം, എപ്പോഴും അത് വേർതിരിച്ചു നിലനിർത്തിയിട്ടുള്ളതാകുന്നു. അതിനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നാണ് ഇരകളൊക്കെ എത്തിച്ചേർന്നിട്ടുള്ളത്. പാക്കിസ്ഥാൻ, ടർക്കി, സൗദിഅറേബ്യ, ബംഗ്ലാദേശ്, ഇൻഡോനേഷ്യ, മലേഷ്യ, മൗറിഷ്യസ്, ഇൻഡ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് എത്തിച്ചേർന്നവരാണവർ. 2019 മാർച്ച് 15ന് വെടി ഉതിർത്ത ശേഷം 5 കീ.മി. അകലെ ലിൻവുഡിലെ ഇസ്ലാമിക് സെന്ററിന് ലക്ഷ്യാക്കുകയും അവിടെ അരുംകൊല തുടരുകയും ചെയ്തു.

ക്രൈസ്റ്റ് ചർച്ചിലെ ഈ ആക്രമണത്തിൽ 50പേർമരണമടയുകയും 50പേർക്ക് പരിക്കേല്ക്കുകയുമുണ്ടായി. 53 വയസ്സുപ്രായമുള്ള മൂസ്സിദ് മുഹമ്മദ്ഹുസൈൻ എന്ന മൗറിഷ്യൻ പൗരനും അക്കൂട്ടത്തിലുണ്ടായിരുന്നു. ഈ തീവ്രവാദികളുടെ വെടിയുണ്ടകൾക്ക് അദ്ദേഹവും ഇരയായി തീർന്നു.

ഞാനും ജമാഅത്തുസ്സഹീഹിലെ അംഗങ്ങളും ഈ മൗറിഷ്യൻ പൗരന്റെ കുടുംബത്തോടും ദുരന്തത്തിനരയായ മറ്റെല്ലാ കുടുംബാ ഗങ്ങളോടുമുള്ള അനുശോചനം ഒരിക്കൽ കൂടി അറിയിക്കുവാൻ ആഗ്രഹിക്കുന്നു. അല്ലാഹു (ത) അവരുടെ മേൽ കരുണ ചൊരിയു കയും സ്വർഗ്ഗീയാരാമത്തിൽ ഉന്നതമായ സ്ഥാനം നല്കി അനുഗ്ര ഹിക്കുകയും ചെയ്യട്ടെ! ആമീൻ

യുണൈറ്റഡ് സ്റ്റേറ്റും, യുണൈറ്റഡ് നേഷൻസും, യുറോപ്യൻ യൂണിയനും, മുഴു അറബിക് ലോകവും, കാശ്മീരിലും, ചൈനയി ലും, സിറിയയിലും, ഇൻഡ്യയിലും, ബർമയിലും, മ്യാൻമാറിലും, തുടങ്ങിയ രാജ്യങ്ങളിലും നടക്കുന്ന സംഭവങ്ങൾ ഒന്നും തന്നെ കേൾക്കുന്നില്ലയെന്നുള്ള നിലപാട് അവസാനിപ്പിക്കേണ്ടതാണ്.

വളരെകുറച്ചു രാജ്യങ്ങളും, രാഷ്ട്രതലവന്മാരും, മാത്രമെ ഈ ആക്രമണത്തിനെതിരിൽ സംസാരിച്ചിട്ടുള്ളു. അവർ ഇതിനെ ഭീക രാക്രമണമായി ചിത്രീകരിച്ചു. ഈ കാര്യത്തിൽ ഞാൻ അതിയായി ഖേദിക്കുകയാണ്. മറ്റുള്ളവർ ഇറ്റലിയെപോലുള്ള രാജ്യങ്ങൾ, അവ രുടെ നിന്ദാഗർഭമായ വാക്കുകൾ, ഈ ആക്രമണത്തിനെതിരിലും പ്രയോഗിച്ചു കണ്ടില്ല. ഇറ്റലിയിലെ ഇപ്പോഴത്തെ ചില മന്ത്രിമാർ ഇസ്ലാമിക്ഫോബിയ ബാധിച്ചവരാണ്. വെള്ളക്കാരുടെ അധീനത്വ വും, അവകാശങ്ങളും സംരക്ഷിക്കുന്നവരാണവർ. ത്രീവ വലതുപ ക്ഷക്കാരായ ഇറ്റാലിയൻ ഉപപ്രധാനമന്ത്രി മറ്റേവോസാൽവിനി, ഈ ആക്രമണത്തെ അപലിപച്ചത് ചുണ്ടുകൾ കൊണ്ടു മാത്രമാണ്. അതൊരു പ്രകടനം മാത്രമായിരുന്നു കാരണം ലോകർ അദ്ദേഹ ത്തിന്റെ നേരെ നോക്കിയതിനാൽ! എന്നാൽ അദ്ദേഹം കൂട്ടി ചേർത്തത് ഇസ്ലാമിന്റെ നേരെയുള്ള തീവ്രവാദം മാത്രമാണ് ശ്രദ്ധ പിടിച്ചു പറ്റുന്നത്. വളരെ കുറച്ചു പേർമാത്രമാണ് ബ്രെൻടൺ ടാരന്റ് ഒരു തീവ്രവാദിയെന്നു പറഞ്ഞിട്ടുള്ളത്. അല്ലെങ്കിൽ കൂടുതൽ പേരും പറയുക അയാളൊരു ഷൂട്ടർ മാത്രമാണെന്നാണ്. എന്തൊരു കാപ ട്യമാണിത് !ഈ ചെയ്തത് പേരുകൊണ്ട് ഒരു മുസ്ലിം ആയിരുന്നു വെങ്കിൽ, കൊലചെയ്യപ്പെട്ടത് മുസ്ലിം അല്ലാത്തവരുമായിരുന്നെങ്കിൽ,

അയാളെ ഉടൻ തന്നെ ഒരു തീവ്രവാദിയായി മുദ്ര അടിക്കുമായിരുന്നു. ജമാഅത്തുസ്സഹീഹിൽ ഇസ്ലാം, ന്യൂസിലന്റിലെ മുസ്ലിംകളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയാണ്. പീഡിപ്പിക്കപ്പെട്ട കുടുംബാംഗങ്ങളോടൊപ്പം അവരുടെ ദുഃഖത്തിൽ പങ്കുചേരുകയാണ്. തീർച്ചയായും ഇസ്ലാം അവർക്കൊരു അഗ്നിപരീക്ഷണമാണ്. ന്യൂസ്ലന്റിലെ അധികാരികൾ ഉചിതമായ നടപടികൾ ഈ കാര്യത്തിൽ കൈകൊള്ളുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. മരണത്തിന് കീഴടങ്ങിയ നിരപരാധികളായ ആൾക്കാർക്ക് വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. അല്ലാഹു(ത) അവർക്ക് സമാധാനഗേഹം നല്കട്ടെ! പരിശുദ്ധമായ ഒരു സ്ഥലത്താണ് നിരപരാധികൾ അരുകൊല ചെയ്യപ്പെട്ടത്. അവർക്ക് അല്ലാഹു(ത)ജന്നത്തുൽ ഫിർദൗസ് നല്കി അനുഗ്രഹിക്കട്ടെ. ലോകമെങ്ങും മറ്റു പ്രകൃതി ദുരന്തങ്ങളാലും മറ്റു എല്ലാവിധ കഷ്ടതകളാലും ദുഃഖം അനുഭവിക്കുന്ന എല്ലാ മുസ്ലിം സഹോദരി സഹോദരന്മാർക്കും, കുഞ്ഞുങ്ങൾക്കും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ലോകമെമ്പാടും പ്രകൃതിദുരന്തത്താൽ ദുരിതം അനുഭവിക്കുന്ന സകലർക്കും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ഇൻശാ അല്ലാഹ് ആമീൻ

ആസ്ട്രേലിയ, ബ്രസീൽ, മുസാംബിക്, ഇൻഡോനേഷ്യ, കെനിയ, മലാവി, മെക്സിക്കോ, പാപ്പുവാന്യൂഗെനിയ, സൗത്ത് ആഫ്രിക്ക, ടാൻസാനിയ, ഉഗാണ്ട, തുടങ്ങിയ രാജ്യങ്ങളിലെ പ്രകൃതി ദുരന്തബാധിതർക്ക് വേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം.

ഇൻശാ അല്ലാഹ് ആമീൻ !യാ റബ്ബൽ ആലമീൻ!

*Translated & Issued By :*
***R. Jamaludin Raother***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India***
***E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***